**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5665** **13-08-2021 - ൽ മറുപടിയ്ക്ക്**

**പൊതു കിണറുകൾ മാലിന്യ മുക്തമാക്കി സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതു കിണറുകൾ മലിനമാക്കപ്പെട്ട് നാശോന്മുഖമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ മാലിന്യമുക്തമാക്കി സംരംക്ഷിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ പൊതു കിണറുകൾ മലിനമാക്കപ്പെട്ട് നാശോന്മുഖമായിരിക്കുന്നത് സംബന്ധിച്ച് ഭൂജലവകുപ്പ് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ വകുപ്പ് പൊതുസ്ഥാപനങ്ങളിലെ ഭൂജല സ്രോതസ്സുകളുടെ പരിപോഷണം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഇതിലൂടെ ജലസ്രോതസ്സുകളുടെ ഗുണ നിലവാരം മെച്ചപ്പെടുന്നതാണ്. കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായിയുള്ള കിണറുകൾ കമ്പിവേലി കെട്ടിയും, മാലിന്യ നിക്ഷേപം ശിക്ഷാർഹമാണെന്ന് പരസ്യ ബോർഡുകൾ സ്ഥാപിച്ചും സംരക്ഷിക്കുന്നുണ്ട്. |
| (ബി) | പൊതു കിണറുകളിൽ പമ്പ് സെറ്റുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഇല്ല, എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയുടെ ഭാഗമായ വിതരണശൃംഖല എത്തിച്ചേരാത്ത സ്ഥലങ്ങളിൽ, ഇത്തരം പൊതു കിണറുകളുടെ ശേഷി പരിശോധിച്ച് പമ്പ് സെറ്റുകൾ സ്ഥാപിച്ച് ചെറുകിട കുടിവെള്ള പദ്ധതികൾ ആരംഭിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാവുന്നതാണ്. |

സെക്ഷൻ ഓഫീസർ